**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **05-02-2026 - ൽ മറുപടിയ്ക്ക്**

**ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവീന ആശയങ്ങളെയും നവസംരംഭങ്ങളെയും വാർത്തെടുക്കുന്ന സ്റ്റാർട്ടപ്പ് മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ വിവിധ പദ്ധതികളിലൂടെ ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്. 2016-ൽ കേവലം 300 ആയിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം നിലവിൽ 7,800 ആയി ഉയർത്താനും ഇതിലൂടെ ഏകദേശം 78,000 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാനും, കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നായി 7,500 കോടിയിലധികം രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്.<br><br>സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിനായി വിപുലമായ ഗ്രാന്റ്-വായ്പാ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു,<br><br>**ഇന്നവേഷൻ ഗ്രാന്റുകൾ**<br><br>ഇതിൽ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെയുള്ള വിവിധ ഇന്നവേഷൻ ഗ്രാന്റുകൾ ഉൾപ്പെടുന്നു. വനിതകൾക്കും ഭിന്നലിംഗക്കാർക്കും പ്രത്യേക പരിഗണന നൽകി 5 ലക്ഷം രൂപ വരെ അധികമായി മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റായും ലഭ്യമാക്കുന്നുണ്ട്.<br><br>**സീഡ് ലോൺ**<br><br>നൂതന സാങ്കേതികവിദ്യാ അധിഷ്ഠിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിമുള്ള സാമ്പത്തിക പിന്തുണയാണിത്. കേരളത്തിൽ എൽ.എൽ.പി ആയോ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായോ രജിസ്റ്റർ |

ചെയ്തിട്ടുള്ള, കെ.എസ്.യു.എം യൂണിക് ഐഡിയുള്ള ആക്ടീവ് സംരംഭങ്ങൾക്ക് ഇത് ലഭിക്കും. 15 ലക്ഷം രൂപ വരെയാണ് ഫണ്ട് ലഭിക്കുക. പലിശ നിരക്കിൽ സബ്സിഡിയും വായ്പാ തിരിച്ചടവിൽ മൊറട്ടോറിയവും ഉണ്ടായിരിക്കും.

**പേറ്റന്റ് റീ-ഇംബേഴ്സ്മെന്റ്**

സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് പേറ്റന്റിനായി ചെലവാകുന്ന തുക മടക്കിനൽകുന്ന പദ്ധതിയാണിത്. ഇന്ത്യൻ പേറ്റന്റിന് 2 ലക്ഷം രൂപ വരെയും ഫോറിൻ പേറ്റന്റിന് 10 ലക്ഷം രൂപ വരെയും ലഭിക്കും. കൺസൾട്ടേഷൻ ഫീസ് അടക്കം നൽകുന്ന ഈ പദ്ധതിയിൽ മൂന്ന് ഘട്ടങ്ങളിലായാണ് ഫണ്ട് ലഭ്യമാക്കുക.

**സാങ്കേതികവിദ്യാ കൈമാറ്റം**

ഇന്ത്യയിലെ ഗവൺമെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് ടെക്നോളജി ലൈസൻസുകൾ വാങ്ങിയോ സോഴ്സ് ചെയ്തോ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണയാണിത്. ടെക്നോളജി ലൈസൻസ്/ട്രാൻസ്ഫറിനായി സ്റ്റാർട്ടപ്പുകൾ മുടക്കുന്ന തുകയാണ് ഈ പദ്ധതിയിലൂടെ മടക്കിക്കിട്ടുക. പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കും.

**ഫണ്ട് ഓഫ് ഫണ്ട്**

സെബി (SEBI) അംഗീകൃത ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകളുമായി ചേർന്ന് കെ.എസ്.യു.എം നടപ്പാക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

**സർക്കാർ വകുപ്പുകൾ വഴി ബിസിനസ് സാധ്യതകൾ**

സ്റ്റാർട്ടപ്പുകളിൽ നിന്ന് സേവനങ്ങളോ ഉൽപ്പന്നങ്ങളോ സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് മാത്രം പങ്കെടുക്കാവുന്ന ടെൻഡർ നയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് (GAAM) എന്ന പദ്ധതി 2017 മുതൽ നടപ്പാക്കി വരുന്നു.

**ഫാബ് ലാബിന്റെ അനന്ത സാധ്യതകൾ**

| | | | |
|---|---|---|---|
| | | | ഹാർഡ്‌വെയർ രൂപകൽപ്പനയ്ക്ക് മുമ്പ് കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിയിരുന്ന സ്ഥാനത്ത്, ഇന്ന് കൊച്ചിയിലെ സൂപ്പർ ഫാബ് ലാബിന്റെ സേവനം പ്രയോജനപ്പെടുത്തി ഉൽപ്പന്ന രൂപകൽപ്പന എളുപ്പത്തിലാക്കാം. കളമശ്ശേരി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ 10,000 ചതുരശ്ര അടിയിലാണ് ലാബ് ഒരുക്കിയിരിക്കുന്നത്. ഇതിനു പുറമേ കേരളത്തിൽ 23 മിനി ഫാബ് ലാബുകളും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളിൽ നൂതനാശയ സംസ്കാരം വളർത്തിയെടുക്കാൻ സഹായിക്കും വിധം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇവ വ്യാപിച്ചുകിടക്കുന്നു. അമേരിക്കയിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (MIT) ലാബ് കഴിഞ്ഞാൽ ലോകത്തിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബാണ് കൊച്ചിയിലേത്. |
| (ബി) | ആഗോളവിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ ശേഷിയുള്ള ബിസിനസ് സ്റ്റാർട്ടപ്പുകൾ കേരളത്തിൽ വളർത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുവ സംരംഭകത്വ വികസന പദ്ധതിയുടെ (YEDP) പ്രധാന ഘടകമാണ് ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിൽ ബിസിനസ് അവസരങ്ങളും നിക്ഷേപവും നേടിയെടുക്കുക എന്ന ലക്ഷ്യത്തിന് ആക്കം കൂട്ടുന്നതാണ് ഈ പദ്ധതി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രമുഖ സ്റ്റാർട്ടപ്പ് കോൺഫറൻസുകളിൽ, ഉൽപ്പന്നം വിപണിയിൽ എത്തിച്ച സ്റ്റാർട്ടപ്പുകൾക്ക് എക്സിബിഷൻ സ്റ്റാളുകൾ നൽകി അവരുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.<br><br>കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ച പദ്ധതിയാണ് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' കേന്ദ്രങ്ങൾ. ഇതിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ ദുബായിൽ ആദ്യ ഇൻഫിനിറ്റി കേന്ദ്രം ആരംഭിച്ചു. പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കാനും നിക്ഷേപം, പുതിയ പദ്ധതികൾ, വിപണി വിപുലീകരണം എന്നിവ ഉറപ്പാക്കാനും ഈ കേന്ദ്രങ്ങൾ സഹായിക്കുന്നു. യൂറോപ്യൻ വിപണി ലക്ഷ്യമിട്ട് ബെൽജിയത്തിലെ 'ഹബ് ഡോട്ട് ബ്രസൽസുമായി' (hub.brussels) ചേർന്ന് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവെച്ചു. ഓസ്ട്രേലിയ, യു.എസ്.എ എന്നീ രാജ്യങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുവ സംരംഭകത്വ വികസന പദ്ധതിയുടെ (YEDP) പ്രധാന ഘടകമാണ് ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിൽ ബിസിനസ് അവസരങ്ങളും നിക്ഷേപവും നേടിയെടുക്കുക എന്ന ലക്ഷ്യത്തിന് ആക്കം കൂട്ടുന്നതാണ് ഈ പദ്ധതി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രമുഖ സ്റ്റാർട്ടപ്പ് കോൺഫറൻസുകളിൽ, ഉൽപ്പന്നം വിപണിയിൽ എത്തിച്ച സ്റ്റാർട്ടപ്പുകൾക്ക് എക്സിബിഷൻ സ്റ്റാളുകൾ നൽകി അവരുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.<br><br>കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ച പദ്ധതിയാണ് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' കേന്ദ്രങ്ങൾ. ഇതിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ ദുബായിൽ ആദ്യ ഇൻഫിനിറ്റി കേന്ദ്രം ആരംഭിച്ചു. പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കാനും നിക്ഷേപം, പുതിയ പദ്ധതികൾ, വിപണി വിപുലീകരണം എന്നിവ ഉറപ്പാക്കാനും ഈ കേന്ദ്രങ്ങൾ സഹായിക്കുന്നു. യൂറോപ്യൻ വിപണി ലക്ഷ്യമിട്ട് ബെൽജിയത്തിലെ 'ഹബ് ഡോട്ട് ബ്രസൽസുമായി' (hub.brussels) ചേർന്ന് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവെച്ചു. ഓസ്ട്രേലിയ, യു.എസ്.എ എന്നീ രാജ്യങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. |
| (ഡി) | ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ വികസിപ്പിക്കാൻ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ധനസഹായം നൽകുന്ന ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വ്യക്തമായ സ്റ്റാർട്ടപ്പ് പദ്ധതിയും ഗവേഷണ പിൻബലമുള്ള ഉൽപ്പന്ന മാതൃകയും (Prototype) കൈമുതലായുള്ള സംരംഭകർക്ക് ഈ പരിപാടിയിലേക്ക് അപേക്ഷിക്കാവുന്നതാണ്.<br><br>ഈ പദ്ധതിയിലൂടെ ഇലക്ട്രോണിക്സ്, സ്പേസ് ടെക്, ഡിഫൻസ് ടെക് തുടങ്ങിയ നിർണ്ണായക മേഖലകളിൽ ഒരു കോടി രൂപ വരെയുള്ള ധനസഹായത്തോടെ ദേശീയ നിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ നിന്ന് വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. 'ആത്മനിർഭർ ഭാരത്', 'മേക്ക് ഇൻ ഇന്ത്യ' എന്നീ ആശയങ്ങളോട് ചേർന്നുനിൽക്കുന്ന ഈ പദ്ധതി, പ്രാദേശിക ഉൽപ്പാദനം വർധിപ്പിക്കാനും |

| | | | |
|---|---|---|---|
| | | | രാജ്യത്തിന് ആവശ്യമായ നിർണ്ണായക സാങ്കേതികവിദ്യകളിൽ സ്വാശ്രയത്വം കൈവരിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ഇത്തരം സമഗ്രമായ പ്രവർത്തനങ്ങളിലൂടെ കേരളത്തെ രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ സംസ്ഥാനമായി നിലനിർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ